**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 891** **10-06-2021 - ൽ മറുപടിയ്ക്ക്**

**കരട് വിദ്യാഭ്യാസ നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ | | **Shri V Sivankutty**<br>(പൊതു വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി) | |
| (എ) | 2020 ജൂൺ 29 ന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ച വിദ്യാഭ്യാസ നയം സംസ്ഥാനത്തെ വിദ്യാഭ്യാസ രംഗത്തെ എപ്രകാരം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. ജനാധിപത്യ മതനിരപേക്ഷ വിദ്യാഭ്യാസ ഉള്ളടക്കത്തെ ബാധിക്കാൻ ഈ നയം ഇടയാക്കിയേക്കാം. വിദ്യാഭ്യാസത്തിന്റെ നിലവിലിള്ള ഘടനയിലും ഉള്ളടക്കത്തിലും മാറ്റങ്ങൾ വന്നേക്കാം. |
| (ബി) | കരട് വിദ്യാഭ്യാസ നയത്തിലെ സംസ്ഥാനത്തിന് ദോഷകരമായ കാര്യങ്ങൾ പുനപരിശോധിക്കണമെന്ന ആവശ്യത്തോട് കേന്ദ്ര സർക്കാർ അനുഭാവപൂർണ്ണമായ നിലപാടാണോ സ്വീകരിച്ചത്; എങ്കിൽ കരട് നിയമത്തിലെ ഏതൊക്കെ നിബന്ധനകൾ അന്തിമ നയത്തിൽ നിന്ന് ഒഴിവാക്കിയെന്ന് വെളിപ്പെടുത്തുമോ; | (ബി) | കേരള സർക്കാർ ഇതുമായി ബന്ധപ്പെട്ട അഭിപ്രായങ്ങൾ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളതാണ്. വിദ്യാഭ്യാസ നയത്തിന്റെ ആക്ഷൻ പ്ലാൻ കേന്ദ്രസർക്കാർ തയ്യാറാക്കിയിട്ടുണ്ട്. അതിനനുസരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ കൂടുതൽ വ്യക്തത വരുത്താൻ കഴിയും. |
| (സി) | പുതിയ ദേശീയ വിദ്യാഭ്യാസ നയം പരിശോധിക്കുന്നതിനായി ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ടോ; ആയതിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | നയം പരിശോധിക്കുന്നതിനായി കമ്മിറ്റി രൂപീകരിച്ചിട്ടില്ല. എന്നാൽ കേന്ദ്ര സർക്കാർ നിർദേശപ്രകാരം ദേശീയ വിദ്യാഭ്യാസ നയത്തിന്റെ നടത്തിപ്പിനും പുരോഗതി വിലയിരുത്തുന്നതിനും മോണിറ്ററിംഗിനുമായി എസ്.സി.ഇ.ആർ.ടി ഡയറക്ടർ ചെയർമാനും പൊതുവിദ്യാഭ്യാസ അഡിഷണൽ ഡയറക്ടർ കൺവീനറുമായി ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ